# പതിനാലാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5521 — 18.11.2019 ലെ മറുപടിയ്ക്ക്

**ട്രാഫിക്ക് നിയമലംഘനങ്ങളുടെ പരിശോധനയ്ക്കായി ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീമതി.സി.കെ.ആശ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഇന്റഗ്രേറ്റഡ് ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്തുന്നതിനും റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിയുടെ ഭാഗമായി അപകട സാധ്യതയേറിയ റോഡുകളിലെല്ലാം ആധുനിക സംവിധാനങ്ങളോടുകൂടിയ ക്യാമറകൾ സ്ഥാപിക്കുകയും, അവയിലൂടെ നിയമ ലംഘനങ്ങൾ സ്വമേധയാ റിക്കാർഡ് ചെയ്യപ്പെടുകയും വിവരങ്ങൾ സെൻട്രൽ കൺട്രോൾ റൂമിൽ ലഭ്യമാവുകയും ചെയ്യും. ഓരോ നിയമലംഘനത്തിനും നിയമ നടപടികൾ ഉറപ്പാകുന്നതോടെ ജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കുകയും നിയമ ലംഘനങ്ങൾ കുറയുകയും ചെയ്യും. റോഡ് നിയമങ്ങൾ പാലിക്കപ്പെടുന്നതോടെ സുരക്ഷിതമായ റോഡ് ഗതാഗതം സാധ്യമാകുന്നതാണ്. |
| (സി) | ട്രാഫിക് നിയമലംഘനങ്ങളുടെ പരിശോധനയിലൂടെ പോലീസുദ്യോഗസ്ഥർ അഴിമതി നടത്തുന്നതിനുള്ള സാധ്യത ഇല്ലാതാക്കുന്നതിന് ഈ സംവിധാനം പര്യാപ്തമാകുമോ; | (സി) & (ഡി) | ഈ പദ്ധതി പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതിനാൽ അഴിമതിക്കുള്ള സാധ്യത ഇല്ലാത്തതാണ്. ആയതിനാൽ ട്രാഫിക് നിയമങ്ങളുടെ ലംഘനങ്ങളും, പിഴ അടയ്ക്കലും, അപകടമുണ്ടായാൽ അതിനെ തുടർന്നുള്ള |

| | | | |
|---|---|---|---|
| (ഡി) | ട്രാഫിക് നിയമങ്ങളുടെ ലംഘനങ്ങളും പിഴയടയ്ക്കലും അപകടമുണ്ടായാൽ അതിനെത്തുടർന്നുള്ള നടപടികളും മറ്റും തികച്ചും സുതാര്യവും നീതിപൂർവ്വവും ആയ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് ഈ സംവിധാനം ഉപകാരപ്പെടുമോ; വ്യക്തമാക്കുമോ? | | നടപടികളും മറ്റും തികച്ചും സുതാര്യവും, നീതിപൂർവ്വകവുമായ വിധത്തിൽ കൈകാര്യം ചെയ്യുന്നതിന് സഹായകമാണ്. |

**സെക്ഷൻ ഓഫീസർ**